REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 26-02-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ഇസ്രേയൽ പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യാഹുവുമായി ടെൽ അവീവിൽ കൂടിക്കാഴ്ച നടത്തി.
- എട്ടാം ക്ലാസിലെ സോഷ്യൽ സയൻസ് പുസ്തകത്തിന്റെ വിതരണം NCERT നിർത്തിവെച്ചു.
- തൃശ്ശൂർ, പുത്തൂർ സുവോളജിക്കൽ പാർക്കിൽ മറ്റന്നാൾ മുതൽ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കും.
- കണ്ണൂരിൽ KSU പ്രതിഷേധത്തിനിടയിൽ പരിക്കേറ്റ മന്ത്രി വീണാ ജോർജിനെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.
- ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിലെ ഒന്നാം ഗ്രൂപ്പിൽ ഇന്ത്യ ഇന്ന് സിംബാംബ്‌വെയെ നേരിടും.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി ടെൽഅവീവിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി ബന്ധങ്ങൾ അവലോകനം ചെയ്ത ഇരുനേതാക്കളും, ജല മാനേജ്മെന്റ്, കൃഷി, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിലെ സഹകരണം വികസിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തി.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)...**

ഇരു രാജ്യങ്ങളും തമ്മിലെ തന്ത്രപര ബന്ധം ശക്തിപ്പെടുത്തുന്നതിന് നൽകിയ അസാധാരണ സംഭാവനകൾ കണക്കിലെടുത്ത് പ്രധാനമന്ത്രി നരേന്ദ്രമോദിയെ ഇസ്രേയൽ പാർലമെന്റിന്റെ പരമോന്നത ബഹുമതിയായ സ്പീക്കർ ഓഫ് ദി നെസറ്റ് മെഡൽ നൽകി ആദരിച്ചു. ഈ മെഡൽ ലഭിക്കുന്ന ആദ്യ ഇന്ത്യൻ നേതാവാണ് നരേന്ദ്രമോദി. നെസറ്റ് സ്പീക്കർ അമീർ ഒഹാനായാണ് മെഡൽ സമ്മാനിച്ചത്.

ജറുസലേമിലെ ഇസ്രേയൽ പാർലമെന്റായ നെസറ്റയെ അഭിസംബോധന ചെയ്ത നരേന്ദ്രമോദി വിശിഷ്ടസഭയ്ക്ക് മുന്നിൽ നില്ക്കാൻ കഴിഞ്ഞത് ഒരു പദവിയും ബഹുമതിയുമാണെന്ന് പറഞ്ഞു.ഇന്ത്യയിലെ 140 കോടി ജനതയുടെ സദൗഹൃദത്തിന്റെയും പങ്കാളിത്തത്തിന്റെയും സഹകരണത്തിന്റെയും സന്ദേശം പാർലമെന്റ് അംഗങ്ങൾക്ക് നൽകുന്നതായും പ്രധാനമന്ത്രി അറിയിച്ചു. ഒക്ടോബർ 7 ന് ഹമാസ് ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് നരേന്ദ്രമോദി ആദരാഞ്ജലി അർപ്പിച്ചു.ഭീകരാക്രമണത്തിൽ ദുഖവും വേദനയും അറിയിച്ച പ്രധാനമന്ത്രി ഇസ്രേയലിനൊപ്പം ഇന്ത്യ നിലകൊള്ളുന്നതായും അറിയിച്ചു.

✪✪✪

ജുഡീഷ്യറിയിലെ അഴിമതിയെക്കുറിച്ച് വിവാദ പരാമർശമുണ്ടെന്ന് സുപ്രീംകോടതി കണ്ടെത്തിയ എട്ടാം ക്ലാസിലെ സോഷ്യൽ സയൻസ് പുസ്തകത്തിന്റെ വിതരണം അടിയന്തരമായി നിർത്തിവെച്ചെന്ന് NCERT അറിയിച്ചു. പാഠപുസ്തകത്തിൽ അനുചിതമായ ഉള്ളടക്കമുണ്ടായതിൽ NCERT ക്ഷമാപണവും നടത്തി. ജുഡീഷ്യറിയെ അഴിമതിയുമായി ബന്ധപ്പെടുത്തിയ പാഠ്യഭാഗത്തിൽ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ആശങ്കയും അതൃപ്തിയും അറിയിച്ചിരുന്നു.

✪✪✪

ഡൽഹി ചുവപ്പുകോട്ട സ്ഫോടനത്തിലെ ഗൂഢാലോചനയുമായി ബന്ധപ്പെട്ട് ദേശീയ അന്വേഷണ ഏജൻസി രണ്ട് പേരെ കൂടി അറസ്റ്റു ചെയ്തു. ഇതോടെ കേസിൽ പിടിയിലായവരുടെ എണ്ണം 11 ആയി. ജമ്മുകശ്മീർ സ്വദേശികളായ സമീർ അഹമ്മദ് അഹൻഗാർ, തുഫൈൽ അഹമ്മദ് ഭട്ട് എന്നിവർ കേസിലെ മുഖ്യപ്രതി ഉമർ ഉൻ നബിയ്ക്ക് ആയുധം നൽകിയെന്നാണ് NIA യുടെ കണ്ടെത്തൽ. കഴിഞ്ഞ നവംബർ പത്തിനുണ്ടായ സ്ഫോടനത്തിൽ 11 പേർ മരിക്കുകയും നിരവധി ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

✪✪✪

സംസ്ഥാന ഊർജ സംരക്ഷണ അവാർഡുകൾ തിരുവനന്തപുരത്ത് വിതരണം ചെയ്തു. മന്ത്രി V. ശിവൻകുട്ടി അവാർഡ് വിതരണച്ചടങ്ങ് ഉദ്ഘാടനം ചെയ്തു.

വൻകിട ഊർജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡും, ചെറുകിട വിഭാഗത്തിൽ കോഴിക്കോട് ഫോർച്ച്യൂൺ ഇലാസ്റ്റോമേഴ്സും പുരസ്കാരം ഏറ്റുവാങ്ങി. കെട്ടിടങ്ങളുടെ വിഭാഗത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര എയർപോർട്ട് ലിമിറ്റഡും. സ്ഥാപന വിഭാഗത്തിൽ കേരള സർവകലാശാലയുമാണ് അവാർഡ് ജേതാക്കൾ.

✪✪✪

തൃശ്ശൂർ, പുത്തൂർ സുവോളജിക്കൽ പാർക്കിൽ മറ്റന്നാൾ മുതൽ പൊതുജനങ്ങൾക്കും പ്രവേശനം അനുവദിക്കുമെന്ന് മന്ത്രി K രാജൻ അറിയിച്ചു. സുവോളജിക്കൽ പാർക്ക് അഡ്മിനിസ്ട്രേഷൻ ബ്ലോക്കിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 28 ന് രാവിലെ A.K ശശീന്ദ്രൻ അടക്കം മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും സാന്നിദ്ധ്യത്തിലായിരിക്കും പൊതുജനങ്ങളുടെ ആദ്യ പ്രവേശനമെന്നും മന്ത്രി പറഞ്ഞു. രാവിലെ ഒൻപതു മുതൽ വൈകിട്ട് അഞ്ചു വരെയായിരിക്കും പാർക്കിന്റെ പ്രവർത്തനം. നിലവിൽ 330 ഓളം മൃഗങ്ങൾ പാർക്കിലുണ്ട്. തിങ്കളാഴ്ചകളിൽ അവധിയായിരിക്കും. മുതിർന്ന പൗരന്മാർക്ക് 50 രൂപയും, പ്രായപൂർത്തിയായവർക്ക് നൂറ് രൂപയും, അഞ്ച് മുതൽ 12 വരെ പ്രായക്കാർക്ക് 30 രൂപയുമായിരിക്കും ടിക്കറ്റ് നിരക്ക്. ഭിന്നശേഷിക്കാർക്ക് പ്രവേശനം സൗജന്യവുമായിരിക്കും. സ്കൂൾ അധികൃതരുടെ അനുമതിയോടെ യൂണിഫോമിൽ സംഘമായി എത്തുന്ന വിദ്യാർത്ഥികൾക്ക് ഇളവുകളോടെ പാക്കേജുകളും ഒരുക്കിയിട്ടുണ്ട്.

പാർക്ക് ചുറ്റിക്കാണുന്നതിന് KSRTC രണ്ട് നോൺ AC വൈദ്യുതി ബസ്സുകൾ സജ്ജമാക്കിയതായും മന്ത്രി പറഞ്ഞു.

✪✪✪

വയനാട്ടിൽ മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിതർക്ക് കോൺഗ്രസ് നിർമ്മിച്ചു നൽകുന്ന വീടുകൾക്ക് ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉച്ചകഴിഞ്ഞ് തറക്കല്ലിടും. വയനാട് കുന്നമ്പറ്റയിൽ എട്ട് സെന്റ് വീതം ഭൂമിയിൽ 1,100 സ്ക്വയർ ഫീറ്റ് വീടുകളാണ് കോൺഗ്രസ് നിർമിച്ച് നൽകുന്നത്.

**രാവിലെ കണ്ണൂരിലെത്തുന്ന രാഹുൽ ഗാന്ധി പേരാവൂർ തുണ്ടിയിൽ പാരിഷ് ഹാളിൽ കർഷകരുമായും, കർഷക സംഘടനാ നേതാക്കളുമായും കൂടിക്കാഴ്ച നടത്തും.**

✪✪✪

**പ്രതിപക്ഷനേതാവ് V D സതീശൻ നയിക്കുന്ന പുതുയുഗ യാത്ര ഇന്ന് ആലപ്പുഴ ജില്ലയിൽ പര്യടനം തുടരും. ജില്ലയിലെ അഞ്ചു നിയോജകമണ്ഡലങ്ങളിലാണ് ഇന്ന് സ്വീകരണങ്ങൾ.**

✪✪✪

**കണ്ണൂരിൽ KSU പ്രതിഷേധത്തിനിടയിൽ പരിക്കേറ്റ മന്ത്രി വീണാ ജോർജിനെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വീണാ ജോർജിന്റെ കഴുത്തിന് ക്ഷതമേറ്റതായി ജില്ലാ ആശുപത്രി സൂപ്രണ്ട് പുറത്തിറക്കിയ മെഡിക്കൽ ബുള്ളറ്റിനിൽ പറയുന്നു. സംഭവത്തോട് ബന്ധപ്പെട്ട് അഞ്ച് KSU പ്രവർത്തകരെ അറസ്റ്റ് ചെയ്തു. നഗരത്തിൽ ഇന്നലെ രാത്രി CPIM- കോൺഗ്രസ് പ്രവർത്തകർ തമ്മിലുണ്ടയ സംഘർഷത്തിലും കല്ലേറിലും അഞ്ചുപേർക്ക് പരിക്കേൽക്കുകയും ചെയ്തു.**

✪✪✪

**പ്രതിഷേധിക്കാൻ എല്ലാവർക്കും അവകാശമുണ്ടെങ്കിലും, മന്ത്രിമാരെ ശാരീരികമായി ആക്രമിക്കുന്നത് ശരിയല്ലെന്ന് മന്ത്രി K രാജൻ തൃശ്ശൂരിൽ പറഞ്ഞു. അപലപനീയമായ നടപടിയാണ് വീണ ജോർജിന് നേർക്കുണ്ടായ ആക്രമണമെന്ന് മന്ത്രി തൃശ്ശൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.**

✪✪✪

**കണ്ണൂരിലുണ്ടായത് ആക്രമണ നാടകമാണെന്നും, ഇതിന്റെ കഥയ്ക്ക് തുടക്കമിട്ടത് സ്പീക്കർ AN ഷംസീറാണെന്നും DCC പ്രസിഡണ്ട് മാർട്ടിൻ ജോർജ്ജ് കുറ്റപ്പെടുത്തി. KSU പ്രവർത്തകർ മന്ത്രിയുടെ അടുത്തേക്ക് പോലും പോയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. DCC ഓഫീസിനു മുന്നിലുണ്ടായ സംഘർഷം പോലീസിന്റെ ഒത്താശയോടെയാണെന്നും മാർട്ടിൻ ജോർജ്ജ് ആരോപിച്ചു.**

✪✪✪

**പരിസ്ഥിതി സൗഹൃദവും മണ്ണിൽ അലിഞ്ഞുചേരുന്നതുമായ പ്ലാസ്റ്റിക് കുപ്പിയിൽ 'ഹില്ലി അക്വാ' കുടിവെള്ളം തിരുവനന്തപുരത്ത് മന്ത്രി റോഷി അഗസ്റ്റിൻ വിപണിയിലിറക്കി. ജലവിഭവ വകുപ്പിന് കീഴിലെ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ് ബയോഡിഗ്രേഡബിൾ കുപ്പികളിൽ വെള്ളം വിതരണം ചെയ്യുന്നത്.**

**പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണെന്ന് മന്ത്രി ചടങ്ങിൽ പറഞ്ഞു. ചോളം, കരിമ്പ് എന്നിവയിലെ അന്നജം അടിസ്ഥാനമാക്കി നിർമ്മിക്കുന്ന കുപ്പി മണ്ണിൽ സ്വയം അലിഞ്ഞു ചേരും. ആദ്യഘട്ടത്തിൽ 300 മില്ലി ലിറ്റർ വെള്ളത്തിന്റെ ബോട്ടിലാണ് വിപണിയിൽ ലഭ്യമാക്കുന്നത്.**

✪✪✪

**2024 ലെ മൃഗസംരക്ഷണ മേഖലയിലെ മികച്ച കർഷകർക്കും, വകുപ്പ് ഉദ്യോഗസ്ഥർക്കും മന്ത്രി J ചിഞ്ചുറാണി തിരുവനന്തപുരത്ത് പുരസ്കാരങ്ങൾ സമ്മാനിച്ചു. മൃഗസംരക്ഷണ മേഖലയിൽ PI തങ്കച്ചൻ, ലില്ലി മാത്യു, നിഷ ബെന്നി, P പ്രമീള, M ആനന്ദകൃഷ്ണൻ , KV സിമി എന്നിവരാണ് പുരസ്കാരങ്ങൾക്ക് അർഹരായത്.**

**മികച്ച ജില്ലാ മൃഗസംരക്ഷണ ഓഫീസർ പുരസ്കാരം ഡോ. PK മനോജ് കുമാറിനും, മികച്ച ഡെപ്യൂട്ടി ഡയറക്ടർ പുരസ്കാരം ഡോ. സക്കറിയ സാദിഖിനുമാണ്.**

✪✪✪

**കേരളത്തിന്റെ സ്വന്തം വൈദ്യുതി സൈക്കിൾ K-E സൈക്കിൾ വൈകിട്ട് മന്ത്രി V.N വാസവൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. പരിസ്ഥിതി സൗഹൃദ ഗതാഗതത്തിന് പുതിയ സാധ്യതകൾ കണ്ടെത്തുന്നതിന്റെ ഭാഗമായാണ് K-E സൈക്കിൾ വിപണിയിലെത്തിക്കുന്നത്.**

✪✪✪

**കണ്ണൂർ മാങ്ങാട്ട് പറമ്പ് KAP നാലാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡ് രാവിലെ നടത്തും. സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ പരേഡിൽ അഭിവാദ്യം സ്വീകരിക്കും.**

**കണ്ണൂരിൽ നിന്ന് K.O ശശിധരൻ.**

.........(വോയ്സ്)..........

✪✪✪

ICC ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിലെ ഒന്നാം ഗ്രൂപ്പിൽ ഇന്ത്യ ഇന്ന് സിംബാംബ്‌വെയെ നേരിടും. ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം.

ഒന്നാം ഗ്രൂപ്പിലെ തന്നെ മറ്റൊരു മത്സരത്തിൽ അഹമ്മദാബാദിൽ വെസ്റ്റ്ഇൻഡീസ്, ദക്ഷിണാഫ്രിക്കയെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

ഇന്നലെ ഗ്രൂപ്പ്-2 സൂപ്പർ -8 മത്സരത്തിൽ ന്യൂസിലാന്റ്, ശ്രീലങ്കയെ 61 റൺസിന് തോൽപ്പിച്ചു.

✪✪✪

കോട്ടയത്തെ വയോധികയിൽ നിന്ന് ഡിജിറ്റൽ അറസ്റ്റിന്റെ പേരിൽ ഒരു കോടി 86 ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ CBI മൂന്ന് പേരെ പിടികൂടി. ആറ് സംസ്ഥാനങ്ങളിൽ ഒരേസമയം നടത്തിയ റെയ്ഡിലാണ് ഇവർ പിടിയിലായത്. പാലക്കാട്, ബംഗളൂരു, നാഗ്പൂർ, ഡൽഹി, ഗോവ, ഹൈദരാബാദ് എന്നിവിടങ്ങളിലായിരുന്നു പരിശോധന. ഇവരിൽ നിന്ന് ഡിജിറ്റൽ ഉപകരണങ്ങളും, ഡെബിറ്റ് കാർഡുകളും, ബാങ്ക് രേഖകളും, മറ്റ് ഡിജിറ്റൽ തെളിവുകളും കണ്ടെടുത്തു. കേസുമായി ബന്ധപ്പെട്ട കൂടുതൽ പേർക്കായി അന്വേഷണം തുടരുകയാണെന്ന് CBI കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് പൂരത്തിന് തുടക്കമായി. ഇന്നലെ രാത്രി 11-ന് അരകുറുശ്ശി ഉദയർകുന്ന് ഭഗവതിക്ഷേത്രത്തിൽ ആദ്യ ആറാട്ട് എഴുന്നള്ളിപ്പോടെ ആരംഭിച്ച പൂരം മാർച്ച് നാല് വരെ തുടരും. ആദിവാസി സമൂഹത്തിന്റെ പങ്കാളിത്തമാണ് പൂരത്തിന്റെ സവിശേഷത.

✪✪✪

പാലക്കാട് മണപ്പുള്ളിക്കാവ് വേല ഇന്ന്. നഗരത്തിലെ നാല് ക്ഷേത്രങ്ങളിലെ വേല എഴുന്നള്ളത്തുകൾ വൈകിട്ടോടെ കോട്ടമൈതാനത്ത് സംഗമിക്കും.

പാലക്കാട് താലൂക്ക് പരിധിയിലെ ഗവൺമെന്റ് ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് പ്രാദേശിക അവധിയായിരിക്കും. നഗരത്തിൽ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തി.

✪✪✪

കോഴിക്കോട് കോർപ്പറേഷന്റെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന തുടരുന്നു. രണ്ടു ദിവസത്തെ പരിശോധനയിൽ 12 കെട്ടിടങ്ങൾക്ക് അടിയന്തര അറ്റകുറ്റപ്പണി ആവശ്യമാണെന്ന് കണ്ടെത്തി.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പോടെ കേരളത്തിലെ ഇപ്പോഴത്തെ മുന്നണി സംവിധാനം അപ്രസക്തമാവുമെന്ന് രാജ്യസഭാ MP C. സദാനന്ദൻ മാസ്റ്റർ പറഞ്ഞു. 2031ലെ തെരഞ്ഞെടുപ്പിൽ ഒരു ഭാഗത്ത് NDA യും, മറുഭാഗത്ത് INDI മുന്നണിയും എന്ന നിലയിലേക്ക് സാഹചര്യങ്ങൾ മാറുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

✪✪✪

---

News Editor : വി കെ സുരേഷ്,
Mews Reader അനിൽ ചന്ദ്രൻ
NRTs: സയ്യിദ് അലി ശിഹാബ്,
DEO : ഷീബ